പൊന്നൊളിയിൽ കല്ലറ മിന്നുന്നു
മഹിമയൊടെ നാഥനുയിർക്കുന്നു
മുറിവുകളാൽ മൂടിയ മേനിയിതാ
നിറവോലും പ്രഭയിൽ മുഴുകുന്നു

തിരുശിരസ്സിൽ മുൾമുടി ചൂടിയവൻ
സുരഭിലമാം പൂങ്കതിരണിയുന്നു
കണ്ണീരിൽ മുങ്ങിയ നയനങ്ങൾ
കനകം പോൽ മിന്നിവിളങ്ങുന്നു
പൊന്നൊളിയിൽ...
പുകപൊങ്ങും മരണത്താഴ്വരയിൽ
പുതുജീവൻ പൂന്തളിരണിയുന്നു
മാനവരും സ്വർഗ്ഗനിവാസികളും
വിജയാനന്ദത്തിൽ മുഴുകുന്നു
പൊന്നൊളിയിൽ...
എൻ പേർക്കായ് യേശു മരിച്ചതിനാൽ
യേശുവിനായ് ഇനി ഞാൻ ജീവിക്കും
എൻ പേർക്കായ് യേശു ഉയിർത്തതിനാൽ
ഒടുവിൽ ഞാനവനിൽ ചേർന്നീടും
പൊന്നൊളിയിൽ -2
ponnoliyil kallarra minnunnu
mahimayote naathanuyirkkunnu
murrivukalaal mootiya meniyithaa
nirravolum prabhayil muzhukunnu

thirusirassil mulmuti chootiyavan
surabhilamaam poongkathiraniyunnu
kanneeril mungngiya nayanangngal
kanakam pol minnivilangngunnu
ponnoliyil...
pukapongngum maranathaazhvarayil
puthujeevan poonthaliraniyunnu
maanavarum svargganivaasikalum
vijayaanandathil muzhukunnu
ponnoliyil...
en perkkaay yesu marichchathinaal
yesuvinaay ini njaan jeevikkum
en perkkaay yesu uyirththathinaal
otuvil njaanavanil chernneetum
ponnoliyil -2